# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഏപ്രിൽ 25

# വാർത്താക്കുറിപ്പ്

---

**അപേക്ഷ തീയതി**

പത്താം സെമസ്റ്റർ ഡി.ഡി. എം.സി.എ. (2014 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയത്തിനും വൈവാവോസി പരീക്ഷയ്ക്കും പിഴയില്ലാതെ ഏപ്രിൽ 29 വരെയും 500 രൂപ പിഴയോടെ 30 വരെയും 1000 രൂപ സൂപ്പർഫൈനോടെ മെയ് രണ്ടുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/752/2019)

**പരീക്ഷ തീയതി**

നാലാം സെമസ്റ്റർ എം.എ./ എം.എസ്‌സി./ എം.കോം/ എം.സി.ജെ./ എം.എം.എച്ച്./ എം.എസ്.ഡബ്ല്യു. ആന്റ് എം.ടി.എ./ എം.ടി.ടി.എം. (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ് - സി.എസ്.എസ്.) പരീക്ഷകൾ മെയ് ആറിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/753/2019)

**പ്രാക്ടിക്കൽ**

ഒന്നു മുതൽ നാലുവരെ വർഷം ബി.എസ്.സി. നഴ്‌സിംഗ്-മേഴ്‌സി ചാൻസ് ഫെബ്രുവരി/മാർച്ച് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 29 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/754/2019)

**പരീക്ഷ ഫലം**

2018 മെയിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.ആർക് (റഗുലർ/ഇംപ്രൂവ്‌മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/755/2019)

**'നാനോ ഇന്ത്യ 2019'; ദ്വിദിന ദേശീയ കോൺഫറൻസിന് ഇന്ന് തുടക്കം**

നാനോ സയൻസ്, നാനോ ടെക്‌നോളജി മേഖലയിലെ പ്രഗത്ഭർ പങ്കെടുക്കുന്ന 'നാനോ ഇന്ത്യ 2019' ദ്വിദിന ദേശീയ കോൺഫറൻസിന് ഇന്ന് മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ തുടക്കമാകും. മഹാത്മാ ഗാന്ധി സർവകലാശാലയും കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പും സംയുക്തമായാണ് കോൺഫറൻസ് സംഘടിപ്പിക്കുന്നത്. രാവിലെ ഒൻപതിന് പ്രശസ്ത നാനോ മെറ്റീരിയൽ ശാസ്ത്രജ്ഞൻ പ്രൊഫ. സി.എൻ. ആർ. റാവു കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും. പ്രൊഫ. അജയ് കെ. സൂദ്, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ദേശീയ ഗവേഷണ പുരസ്‌കാര ജേതാവ് പ്രൊഫ. ഒ.എൻ. ശ്രീവാസ്തവ, യുവ ഗവേഷണ പുരസ്‌കാര ജേതാക്കളായ ഡോ. മുരളി ബനാവത്, ഡോ. ദിപാങ്കർ മണ്ഡൽ എന്നിവർ പങ്കെടുക്കും. പ്രൊഫ. ഒ.എൻ. ശ്രീവാസ്തവ, പ്രൊഫ. ഡി.ഡി. ശർമ, പ്രൊഫ. ജോർജ് തോമസ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തും. ഗവേഷക വിദ്യാർഥികൾക്കായി പോസ്റ്റർ പ്രദർശന മത്സരവും നടക്കും. ഫോൺ: 62388558806.

(പി.ആർ.ഒ./39/756/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ